# സ്ത്രീയെ അപമാനിക്കുന്ന ഏതു സംവിധാനവും തകരും

**ഫാ. അഗസ്റ്റിൻ വട്ടോളി**

സ്ത്രീയെ അപമാനിക്കുകയും പുറത്താക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഏതു സംവിധാനവും തകർച്ചയിലേക്കായിരിക്കും പോകുക എന്നതിൽ സംശയമില്ല. കന്യാസ്ത്രീകൾക്കെതിരെ പ്രതികാര നടപടികൾ സ്വീകരിക്കുന്ന സഭയുടെ നടപടി നീതീകരിക്കാനാവാത്ത സ്ത്രീ വിരുദ്ധതയാണ്. ഒരു ആധുനിക സമൂഹത്തിന് ഒരിക്കലും അംഗീകരിക്കാനാവാത്ത ഈ സ്ത്രീവിരുദ്ധത സഭയെ തകർച്ചയിലേക്ക് നയിക്കും എന്ന് സഭാനേതൃത്വത്തെ ബോധ്യപ്പെടുത്താൻ വിശ്വാസികൾക്ക് ബാധ്യതയുണ്ട്. സിസ്റ്റർ ലൂസി കളപ്പുരയെ പുറത്താക്കാനുള്ള നീക്കങ്ങൾക്കെതിരെ രൂപപ്പെടുന്ന പ്രതിഷേധത്തിന്റെ പൊരുൾ മനസ്സിലാക്കി സ്വന്തം തെറ്റു തിരുത്താൻ സഭാനേതൃത്വം തയ്യാറാകണം. സ്ത്രീവിരുദ്ധത എന്നത് സഭയുടെയും വിശ്വാസികളുടെയും മാത്രം പ്രശ്നമല്ല. സ്ത്രീ വിരുദ്ധത ഏതു ഭാഗത്തുനിന്നുണ്ടായാലും അതിനെ എതിർത്തു തോൽപ്പിക്കാനുള്ള ഉത്തരവാദിത്തം പൊതുസമൂഹത്തിനുണ്ട്.

സിസ്റ്റർ ലൂസി കളപ്പുരയ്ക്കെതിരായ പ്രതികാരനടപടി, അനീതിയോട് പ്രതികരിക്കാൻ ശ്രമിക്കുന്ന കന്യാസ്ത്രീകളെയും വിശ്വാസികളെയും ഭയപ്പെടുത്തി നിശബ്ദരാക്കാനുള്ള ശ്രമങ്ങളുടെ ഭാഗമാണ്. അനീതിയെ ചോദ്യം ചെയ്താൽ, നീതിനിഷേധത്തിനെതിരെ പൊരുതുന്നവരോടൊപ്പം സംഘം ചേർന്നാൽ ഇതായിരിക്കും അനുഭവം എന്ന സന്ദേശം എല്ലാ കന്യാസ്ത്രീകൾക്കും വിശ്വാസികൾക്കും നൽകാനാണ് സഭാനേതൃത്വത്തിന്റെ ശ്രമം. ഏത് അനീതി നേരിട്ടാലും, എന്ത് അസമത്വം കണ്ടാലും, എന്ത് അതിക്രമം അനുഭവിച്ചാലും മിണ്ടാൻ പാടില്ല എന്ന സന്ദേശം എല്ലാ കന്യാസ്ത്രീകൾക്കും നൽകാനാണ് ഇതിലൂടെ സഭ ശ്രമിക്കുന്നത്. അത്തരം ഭീഷണികൾ വില പോവില്ലെന്ന് സഭയെ ബോധ്യപ്പെടുത്താൻ വിശ്വാസികളും പൊതുസമൂഹവും മുന്നോട്ടുവരുന്നു എന്നതാണ് പ്രത്യാശ നൽകുന്ന കാര്യം. കർത്തവ്യനിർവ്വഹണത്തിനിടയിൽ കുത്തേറ്റു മരിച്ച സിസ്റ്റർ റാണി മരിയയെ വിശുദ്ധയാക്കാനുള്ള ശ്രമങ്ങളിലാണ് എഫ്.സി.സി സഭ (ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രഗേഷൻ). അതേ സഭയാണ് നീതിക്കുവേണ്ടി നിലക്കൊണ്ടതിന്റെ പേരിൽ സിസ്റ്റർ ലൂസി കളപ്പുരയെ പുറത്താക്കാൻ ശ്രമിക്കുന്നത്. സിസ്റ്റർ റാണി മരിയയെ വിശുദ്ധയാക്കാൻ ശ്രമിക്കുന്നവർ തന്നെ, ഒരു കന്യാസ്ത്രീയെ ബലാത്സംഗം ചെയ്ത പുരോഹിതനെ ശിക്ഷിക്കണമെന്ന ആവശ്യത്തിനോടൊപ്പം നിന്ന സിസ്റ്റർ ലൂസി കളപ്പുരയ്ക്കെതിരെ നടപടിയെടുക്കാൻ ഒരുങ്ങുന്നു എന്നത് വലിയ വൈരുദ്ധ്യമാണ്. നീതിയുടെ പക്ഷത്തുനിന്നതിന് സിസ്റ്റർ ലൂസിയെ ശിക്ഷിക്കാൻ സഭാനേതൃത്വം കണ്ടെത്തുന്ന കാരണങ്ങൾ സഭാവിശ്വാസികൾക്കെന്നല്ല, ആധുനിക ലോകത്തുജീവിക്കുന്ന ഒരാൾക്കും അംഗീകരിക്കാൻ കഴിയുന്നതല്ല.

സഭാവസ്ത്രത്തിനുപകരം ചുരിദാർ ധരിച്ചു, സ്വന്തമായി കാർ വാങ്ങി, കവിത എഴുതി തുടങ്ങിയവയാണ് സിസ്റ്റർ ലൂസിക്കെതിരെ ഉന്നയിക്കുന്ന ആരോപണങ്ങൾ. ഞങ്ങൾ വൈദികർ, പുറത്തു യാത്രചെയ്യുമ്പോൾ പാന്റ്സും ജീൻസുമൊക്കെയാണ് ധരിക്കുക. മെത്രാന്മാർക്കും വൈദികർക്കുമില്ലാത്ത നിയന്ത്രണം കന്യാസ്ത്രീകൾക്കുമേൽ അടിച്ചേൽപ്പിക്കാൻ സഭാനേതൃത്വത്തിന് അധികാരമില്ല. സ്ത്രീവിരുദ്ധമായ ഇത്തരം വിചാരങ്ങൾ ഏതെങ്കിലും പുരോഹിതന്മാർക്കുണ്ടായെന്നുവരാം. എന്നാൽ, അത് കന്യാസ്ത്രീകളിൽ അടിച്ചേൽപ്പിക്കാനാവില്ല. വില കൂടിയ ആഢംബര കാറുകൾ സ്വന്തമായുള്ള പുരോഹിതന്മാരാണ്, സ്വയം അദ്ധ്വാനിച്ചുണ്ടാക്കിയ പണംകൊണ്ട് കാർ വാങ്ങിയ സിസ്റ്റർ കളപ്പുരയെ കുറ്റക്കാരിയാക്കാൻ ശ്രമിക്കുന്നത്.

ഗുരുതരമായ സാമ്പത്തിക കുറ്റകൃത്യങ്ങൾ ചെയ്തതായി ആരോപിക്കപ്പെടുന്ന പുരോഹിതന്മാരെ സംരക്ഷിക്കാൻ ശ്രമിക്കുന്ന സഭ, നീതിക്കുവേണ്ടി തെരുവിലിറങ്ങേണ്ടിവന്ന സഹോദരിമാരോടൊപ്പം നിന്നതിന് സിസ്റ്റർ ലൂസി കളപ്പുരയെ വേട്ടയാടാൻ ശ്രമിക്കുമ്പോൾ, പൊതുസമൂഹത്തിന് നിസ്സംഗത പാലിക്കാൻ കഴിയില്ല. ഇതു സഭയുടെ ആഭ്യന്തരപ്രശ്നമല്ല. കേരളീയ പൊതുസമൂഹത്തെ ഒന്നടങ്കം ബാധിക്കുന്ന പ്രശ്നമാണ്. സമൂഹത്തിന്റെ നീതിബോധത്തെ വെല്ലുവിളിക്കുമ്പോൾ നീതിബോധമുള്ളവർക്ക് മൗനം പാലിക്കാൻ കഴിയില്ല. അനീതിക്കുമുമ്പിൽ മൗനം പാലിക്കുന്ന സമൂഹത്തിന് മരണമായിരിക്കും സംഭവിക്കുക. കേരളീയ പൊതുസമൂഹം അനീതിക്കു മുമ്പിൽ മൗനം പാലിച്ച് മരണത്തിലേക്ക് പോകുമെന്ന് ഞാൻ കരുതുന്നില്ല. നീതിനിഷേധത്തിനെതിരെ അതിശക്തമായ പ്രതിഷേധം ഉയർന്നുവരുമെന്നും അനീതിയുടെ ഗോപുരങ്ങൾ തകർന്നുവീഴുമെന്നും തന്നെ ഞാൻ പ്രതീക്ഷിക്കുന്നു.

*(കടപ്പാട്: സത്യജ്വാല, 2019 സെപ്തംബർ ലക്കം)* ■

**ഉരുൾപൊട്ടലുകളിൽ നടുങ്ങുന്ന കേരളം ഉറപ്പായും വായിക്കേണ്ട പുസ്തകം**

കേരളത്തിലെ പാറമടകൾ സൃഷ്ടിക്കുന്ന സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾ

**'മുറിവേറ്റ മലയാഴം'**

നബീൽ. സി.കെ.എം

വില: 150 രൂപ. പേജ്: 152.

പ്രസാധനം: കേരളീയം പുസ്തകശാല
കോപ്പികൾക്ക്: 04872421385, 9446586943

**കേരളീയം ഡിജിറ്റൽ ആർക്കൈവ്**

1998 നവംബർ മുതൽ പ്രസിദ്ധീകരിക്കുന്ന കേരളീയം മാസികയുടെ ഡിജിറ്റൽ കോപ്പികൾ നിങ്ങൾക്ക് സൗജന്യമായി ലഭ്യമാണ്. വിഷയാടിസ്ഥാനത്തിൽ തിരയുന്നതിനും ലേഖനങ്ങൾ പ്രത്യേകം ഡൗൺലോഡ് ചെയ്യുന്നതിനും കോപ്പി ലെഫ്റ്റ് ലൈസൻസിൽ പ്രവർത്തിക്കുന്ന ഈ ഡിജിറ്റൽ ആർക്കൈവ് സൗകര്യമൊരുക്കുന്നു. സന്ദർശിക്കുക:



www.keraleeyammasika.com